(സി) 1997-98-ലെ ബി.പി.ഇ. റിവ്യൂ പ്രകാരം നഷ്ടത്തിൽ പ്രവർത്തിക്കുന്ന, വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 1995-96 മുതൽ 1997-98 വരെയുള്ള കാലയളവിൽ ഉണ്ടാക്കിയിട്ടുള്ള ലാഭത്തിന്റെ വിവരം അനുബന്ധം3-ൽ ചേർത്തിരിക്കുന്നു. †

വ്യവസായസ്ഥാപനങ്ങൾ ബി.ഐ.എഫ്.ആർ. ന്റെ പരിഗണനയ്ക്കു വിടുന്ന നടപടി

11 (2808) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എളമരം കരീം :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. വി.കെ. ചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായവകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം സ്ഥാപനങ്ങളാണ് ബി.ഐ.എഫ്.ആറിന്റെ പരിഗണനയ്ക്ക് വിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ബി.ഐ.എഫ്.ആർ.-ന്റെ പരിഗണനയ്ക്ക് വിടുന്നതിന് 1992-ൽ ആക്ടിൽ വരുത്തിയ ഭേദഗതിയനുസരിച്ച് സ്വീകരിച്ചിട്ടുള്ള മാനദണ്ഡമെന്താണന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ഏതെല്ലാം സ്ഥാപനങ്ങളാണ് ബി.ഐ.എഫ്.ആർ-ൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് ;

(ഡി) ബി.ഐ.എഫ്.ആർ. അംഗീകരിച്ചിട്ടുള്ള പാക്കേജുകൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ ഏതെങ്കിലും സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തിവയ്ക്കുവാൻ ബി.ഐ.എഫ്ആർ. നിർദ്ദേശിച്ചിട്ടുണ്ടോ;. എങ്കിൽ ഏത് സ്ഥാപനത്തിന്റെ പ്രവർത്തനമാണ് നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടിട്ടുള്ളത്;

(എഫ്) സംസ്ഥാനത്ത് ഏതെല്ലാം സ്ഥാപനങ്ങളുടെ പാക്കേജുകൾ പുതുക്കി നിർണ്ണയിക്കണമെന്നാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുള്ളതെന്ന് പറയുമോ;

(ജി) ബി.ഐ.എഫ്.ആർ- ന്റെ പരിഗണനയ്ക്ക് വിട്ടതിനുശേഷം പുനരുദ്ധാരണ പാക്കേജിന് രൂപം നൽകാൻ കാലവിളംബം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) എങ്കിൽ ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 1. ഓട്ടോകാസ്റ്റ് ലിമിറ്റഡ്

† ലൈബ്രറിയിൽ വച്ചിരിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

2. ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരളാലിമിറ്റഡ്
3 കെൽട്രോൺ പവ്വർ ഡിവൈസ് ലിമിറ്റഡ്
4. സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ്
5. കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്
6. കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്
7. കെൽട്രോൺ റെക്ടിഫൈയേഴ്സ് ലിമിറ്റഡ്
8. കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്
9. ട്രിവാൻട്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്.
10. സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്.
11. ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡ്.
12. കേരളാ മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്.
13. കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്.
14. കേരള ഹൈടെക് ഇൻഡസ്ട്രീസ് ലിമിറ്റഡ്.

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ബി.ഐ.എഫ്.ആർ.-ന്റെ പരിഗണനയ്ക്ക് വിടുന്നതിനുള്ള മാനദണ്ഡം നെറ്റ്വർക്ക് നെഗറ്റീവ് ആകുകയും കണക്കുകളുടെ ആഡിറ്റ് പൂർത്തീകരിക്കുകയും ചെയ്തിരിക്കണമെന്നാണ്.

(സി) വ്യവസായവകുപ്പിന്റെ കീഴിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളാണ് ബി.ഐ.എഫ്.ആറിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

1. ഓട്ടോകാസ്റ്റ് ലിമിറ്റഡ്
2. ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽ കേരള ലിമിറ്റഡ്
3. കെൽട്രോൺ പവ്വർ ഡിവൈസ് ലിമിറ്റഡ്
4. സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ്
5. കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്
6. കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്
7. കെൽട്രോൺ റെക്ടിഫൈയേഴ്സ് ലിമിറ്റഡ്
8. കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്
9. ട്രിവാൻട്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്.
10. സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്.
11. ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡ്.
12. കേരളാ മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്.
13. കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്.
14. കേരള ഹൈടെക് ഇൻഡസ്ട്രീസ് ലിമിറ്റഡ്.

(ഡി) 1. ഓട്ടോകാസ്റ്റ് ലിമിറ്റഡ്
2. ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ്,

LIBRARY ARCHIVES Kerala Legislative Assembly

കേരളാലിമിറ്റഡ്

3. സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ്
4. കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്
5. കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്
6. കെൽട്രോൺ റെക്ടിഫൈയേഴ്സ് ലിമിറ്റഡ്
7. കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്
8. ട്രിവാൻട്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്.
9. സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്.
10. കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്.

(ഇ) കെൽട്രോൺ പവ്വർ ഡിവൈസസ് ലിമിറ്റഡിനോട് പ്രവർത്തനം നിർത്തിവയ്ക്കുവാൻ ബി.എഫ്.ഐ.ആർ. നിർദ്ദേശിച്ചിട്ടുണ്ട്.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി)&(എച്ച്) ഉണ്ട്. പുനരുദ്ധാരണ ഫണ്ട് നടപ്പാക്കിയത് ഈ സ്ഥാപനങ്ങളുടെ മുൻസ്ഥിതി മെച്ചപ്പെടുത്തി ബി.ഐ.എഫ്.ആറിൽ നിന്നും വേർപെടുത്താനാണ്.

മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനം

12 (2809) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. എം. ദാസൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ :

(ബി) ധാതുക്കളുടെ ഖനനത്തിന് ലൈസൻസ് നൽകുന്നതിന് ഇന്ന് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കൂടുതൽ കർശനമാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) അനധികൃതമായ ഖനനം കണ്ടുപിടിച്ച് കേസ്സ് ചാർജ്ജ് ചെയ്യുന്നതിന് കൂടുതൽ ഫീൽഡ് ജീവനക്കാരെ നിയമിക്കുമോ;

(ഡി) ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഓഫീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടി 1997-ൽ പുതുതായി 6 ജില്ലാ ആഫീസുകൾ രൂപീകരിക്കുകയും അതുവഴി എല്ലാ ജില്ലകളിലും ആഫീസുകളുള്ള ഒരു വകുപ്പായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനം വിപുലീകരി

LIBRARY ARCHIVES Kerala Legislative Assembly